**അടിയന്തരപ്രമേയം**

മുതലപ്പൊഴി ഹാർബറിന്റെ അശാസ്ത്രീയ നിർമ്മാണം

മി. സ്പീക്കർ: തിരുവനന്തപുരത്തെ മുതലപ്പൊഴി ഹാർബറിന്റെ അശാസ്ത്രീയ നിർമ്മാണംമൂലം അപകടങ്ങൾ സംഭവിക്കുകയും നിരവധി പേർക്ക് പരിക്കുപറ്റുകയും മത്സ്യത്തൊഴിലാളികളുൾപ്പെടെ നിരവധി പേർക്ക് മരണം സംഭവിക്കുകയും ചെയ്യുതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം മുതലപ്പൊഴിയിൽ 11 അപകടങ്ങളിലായി 4 മരണങ്ങളുണ്ടായിട്ടുണ്ട്. 03-08-2021-ന് രാവിലെ 6.30 മണിയോടെ മുതലപ്പൊഴിയിൽനിന്നും മത്സ്യബന്ധനത്തിനുപോയ പെരുമാതുറ സ്വദേശി അമീന്റെ താങ്ങുവള്ളം മുതലപ്പൊഴി മുഖത്തുവച്ച് തിരയിൽപ്പെട്ട് ബോട്ടിന്റെ

പുറകെ വരികയായിരുന്ന മറ്റൊരു വള്ളവുമായി കൂട്ടിയിടിക്കുകയുണ്ടായി. ഇടിയുടെ ആഘാതത്തിൽ താങ്ങുവള്ളം തകരുകയും മത്സ്യത്തൊഴിലാളികൾ പൊഴിയിൽ വീഴുകയും ചെയ്തു. തൊഴിലാളികളെ മറ്റ് ചെറിയ വള്ളങ്ങളുടെ സഹായത്തോടെ രക്ഷപ്പെടുത്തിയതിനാൽ ആളപായം സംഭവിച്ചില്ല. താങ്ങുവള്ളത്തിലുണ്ടായിരുന്ന 14 മത്സ്യത്തൊഴിലാളികൾക്ക് പരുക്കുപറ്റി. ഇവർ ചിറയിൻകീഴ് താലൂക്കാശുപത്രിയിൽ ചികിത്സ തേടിയിരുന്നു. വള്ളം തകരുകയും എഞ്ചിനും വലയും കടലിൽ നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. പോലീസ്, റവന്യൂ, ഫിഷറീസ് എന്നീ വകുപ്പുദ്യോഗസ്ഥർ നടത്തിയ ചർച്ചയെത്തുടർന്ന് തകർന്ന ബോട്ടിന്റെ നഷ്ടം പരിഹരിക്കുന്ന കാര്യവും പരിക്കേറ്റവർക്ക് മതിയായ ചികിത്സാ സഹായം ലഭ്യമാക്കുന്ന കാര്യവും പരിശോധിച്ചുവരികയാണ്.

ബഹുമാനപ്പെട്ട അംഗങ്ങളുന്നയിച്ച വിഷയത്തിന്റെ ഭാഗമായി ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയാണ്. വിഴിഞ്ഞത്ത് ടൗട്ടെ ചുഴലിക്കാറ്റിൽ ഏഴ് വള്ളങ്ങൾക്ക് അപകടം സംഭവിക്കുകയും മൂന്ന് ആളുകൾ മരിക്കുകയും ചെയ്തിട്ടുണ്ട്. തുമ്പ ഭാഗത്ത് ടൗട്ടെ ചുഴലിക്കാറ്റിൽപ്പെട്ട് ഒരു വള്ളത്തിന് അപകടം സംഭവിച്ചിട്ടുണ്ട്. അവിടെ മരണമുണ്ടായിട്ടില്ല. 20-07-2021-ന്

തൃശ്ശൂർ ഭജനമഠം ഭാഗത്ത് ശക്തമായ തിരമാലയിൽപ്പെട്ട് തിലകൻ എന്നയാൾ മരണപ്പെട്ടിട്ടുണ്ട്. 03-08-2021-ന് കോഴിക്കോട് പുതിയാപ്പ ഹാർബറിനുസമീപം മത്സ്യബന്ധനത്തിനുപോയ ഫൈബർ വള്ളം മറിഞ്ഞ് 3 മത്സ്യത്തൊഴിലാളികൾക്ക് സാരമായി പരിക്കേറ്റിട്ടുണ്ട്. 04-07-2021-ന് രാവിലെ 6 മണിക്ക് കാസർഗോഡ് കസബ അഴിമുഖത്ത് മത്സ്യബന്ധനത്തിനുപോയ ചന്ദ്രന് അപകടമുണ്ടാവുകയും സന്ദീപ്, കാർത്തിക്, രതീഷ് എന്നിവർ മരണപ്പെടുകയുമുണ്ടായി. ഈ സർക്കാർ വന്നതിനുശേഷം കേരളത്തിലെ തീരദേശമേഖലയിലെ എം.എൽ.എ.-മാരുടെ യോഗം ഞാൻ വിളിച്ചുചേർത്തിരുന്നു. എല്ലാ എം.എൽ.എ.-മാരും ആ യോഗത്തിൽ പങ്കെടുത്തു. അവർ പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അപകടം ഏറ്റവും രൂക്ഷമായ കാസർഗോഡ്, വിഴിഞ്ഞം, മുതലപ്പൊഴി അടക്കമുള്ള എല്ലാ പ്രദേശങ്ങളിലും മന്ത്രിയെന്ന നിലയിൽ ഞാൻ പോകുകയും ബന്ധപ്പെട്ട എം.എൽ.എ.-മാരും അവിടത്തെ ജനപ്രതിനിധികളുമായി ചർച്ച നടത്തുകയും ചെയ്തു. മുതലപ്പൊഴി ഹാർബറുമായി ബന്ധപ്പെട്ട പ്രശ്നമാണ് ഇവിടെ ഉന്നയിച്ചത്. അവിടെയും ഞാൻ പോയിരുന്നു. ഇതിനിടയിൽ വിഴിഞ്ഞത്തെയും

മുതലപ്പൊഴിയിലെയും പ്രശ്നങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് യോഗം വിളിച്ച് നിർദ്ദേശം കൊടുത്തിരുന്നു. വിഴിഞ്ഞത്തെ രണ്ട് പൊഴിയിലെയും മൗത്തിൽ വരുന്ന മണ്ണ് ഡ്രഡ്ജ് ചെയ്യേണ്ട ഉത്തരവാദിത്തം അദാനി പോർട്ട് ട്രസ്റ്റിനായിരുന്നു. തിരമാലയും മറ്റ് തരത്തിലുള്ള കടൽക്ഷോഭവും ഉണ്ടാകുമ്പോൾ അടിഞ്ഞുകൂടുന്ന മണ്ണ് മാറ്റാൻ പലപ്പോഴും അവർ ശ്രമിക്കാതെ വന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ടു. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ചേർന്ന നാല് യോഗങ്ങളിൽ ഞാൻ പങ്കെടുത്തിരുന്നു. അതിന്റെ ഭാഗമായി വിഴിഞ്ഞത്ത് ഡ്രഡ്ജിംഗ് ആരംഭിച്ചു. ഇപ്പോൾ അവിടത്തെ അപകടം ഒരുപരിധിവരെ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. മുതലപ്പൊഴിയിലും അതുപോലെ യോഗം നടത്തി. അവിടെയും അദാനി പോർട്ട് ട്രസ്റ്റിന്റെ ഡ്രഡ്ജിംഗാണ് നടക്കേണ്ടത്. അവിടെയും ഈപ്പറയുന്ന മൗത്തിലേയ്ക്ക് ഡ്രഡ്ജർ എത്താൻ ബുദ്ധിമുട്ടുള്ള സന്ദർഭമായതുകൊണ്ട് ഒരു മാസത്തിനുള്ളിൽ ഡ്രഡ്ജിംഗ് നടത്താനാണ് ആലോചിച്ചിട്ടുള്ളത്. മുതലപ്പൊഴിയിലെ പ്രശ്നം എന്താണെന്നുവച്ചാൽ മൗത്തിന് വീതി കുറവാണ്. അവിടെ മണ്ണ് അടിഞ്ഞുകൂടുമ്പോൾ അതിലൂടെ സഞ്ചരിക്കുന്ന ബോട്ടുകൾക്കും വള്ളങ്ങൾക്കും സ്വാഭാവികമായും അപകടം

സംഭവിക്കാൻ സാദ്ധ്യതയുണ്ട്. ബഹുമാനപ്പെട്ട വി. ശശി, എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഞാൻ പങ്കെടുക്കുകയും ഹാർബറിന്റെ പൊഴിയിലും ചാനലിലും 5 മീറ്റർ ആഴമുണ്ടാക്കുന്ന വിധത്തിൽ സെപ്റ്റംബർ മാസം 15-ാം തീയതി മുതൽ അദാനി ഗ്രൂപ്പിന്റെ നേതൃത്വത്തിലുള്ള ഡ്രഡ്ജിംഗ് ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പെരുമാതുറ-താഴംപള്ളി ഹാർബർ ഭാഗത്ത് 3 മീറ്റർ ആഴം ഉറപ്പാക്കുന്ന വിധത്തിൽ അദാനി ഗ്രൂപ്പ് സെപ്റ്റംബർ മാസം 15-ാം തീയതി മുതൽ ഡ്രഡ്ജിംഗ് ആരംഭിക്കും. ഡ്രഡ്ജിംഗിനുശേഷം ചാനൽവേ ഇട്ട് യാനങ്ങൾക്ക് സുരക്ഷിത പാതയൊരുക്കും. മുതലപ്പൊഴി പുലിമുട്ടിന് തെക്കുഭാഗത്തും തീരശോഷണം സംഭവിക്കുന്ന വടക്കുഭാഗത്തും സാൻഡ് ബൈപ്പാസ് നടത്തുന്നതിന് Environmental Impact Assessment (EIA) സ്റ്റഡി നടത്തി മൂന്നുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ സ്റ്റഡി ആരംഭിച്ചിട്ടുണ്ട്. എല്ലാ കാലവർഷത്തിനുശേഷവും ചില മൗത്തുകളിൽ ഡ്രഡ്ജിംഗ് നടത്തേണ്ട പ്രശ്നം വന്നിട്ടുണ്ട്. ഇത് ഗൗരവമായി ഗവൺമെന്റ് കാണുന്നുണ്ട്.

അതുപോലെ പൊഴിഭാഗത്ത് മണ്ണടിയുന്നതിനും തിരയിളക്കം ഒഴിവാക്കുന്നതിനും പുലിമുട്ടിന്റെ നീളം കൂട്ടുന്നതിനുമുൾപ്പെടെ ചെന്നൈ National Institure of Ocean Technology (NIOT) മുഖേന പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ തീരുമാനിച്ചു. അതിന്റെ സ്റ്റഡിയും ആരംഭിച്ചിട്ടുണ്ട്. ഇവിടെ ഉന്നയിച്ച മുതലപ്പൊഴിയിൽ അല്പംകൂടി എക്സ്റ്റൻഷൻ ആവശ്യമാണെന്നാണ് എന്റെയും വിശ്വാസം. അവിടെ നീളം കൂട്ടിയാൽ ആ പ്രശ്നത്തിന് പരിഹാരം കാണാം. പക്ഷേ, സ്റ്റഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽമാത്രമേ അത് ചെയ്യാൻ സാധിക്കുകയുള്ളൂ. അവിടത്തെ മത്സ്യത്തൊഴിലാളി സംഘടനകളും മത്സ്യത്തൊഴിലാളികളും പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ, ജനങ്ങളുടെ മുമ്പിൽ ഈ സ്റ്റഡി റിപ്പോർട്ട് അവതരിപ്പിച്ച് അവരുടെ അഭിപ്രായവുംകൂടി കേട്ടിട്ടുമാത്രമേ ഇതിൽ അന്തിമതീരുമാനം എടുക്കുകയുള്ളൂ. ആ പ്രവൃത്തികൂടി പൂർത്തീകരിച്ചാൽ മുതലപ്പൊഴിയിലെ അപകടങ്ങൾ പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കും. വിഴിഞ്ഞത്തെ രൂക്ഷമായ പ്രശ്നവും ഇപ്പോൾ പരിമിതപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ഞാൻ പോയിരുന്നു. ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ മണ്ഡലമാണ്. അവിടെ 17 കോടി രൂപയുടെ വർക്ക് ടെണ്ടർ ചെയ്ത് നിർമ്മാണം ആരംഭിക്കുകയാണ്.

ഈ മൂന്ന് സ്ഥലത്താണ് രൂക്ഷമായ പ്രശ്നമുള്ളത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഈ മൂന്ന് സ്ഥലങ്ങളിലെയും പ്രശ്നങ്ങൾ പരിഹരിക്കാൻ ശക്തമായ നടപടിയെടുത്തിട്ടുണ്ട്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഇത്രയും ഗുരുതരമായ പ്രശ്നത്തെ വളരെ ലാഘവത്തോടെ ബഹുമാനപ്പെട്ട മന്ത്രി കണ്ടതിൽ ശക്തമായ പ്രതിഷേധം ഞാനിവിടെ അറിയിക്കുകയാണ്. നാലുപേർ മരിച്ചെന്ന് അദ്ദേഹം പറഞ്ഞത് ഈ സർക്കാർ വന്നതിനുശേഷമുള്ള കണക്കാണ്. മരണത്തിന്റെ കണക്കിൽ നമ്മൾ തമ്മിൽ അഭിപ്രായവ്യത്യാസങ്ങളുണ്ട്. ഈ വർഷം പത്തുപേരാണ് അവിടെ മരണപ്പെട്ടത്. 2016 മുതൽ ഏകദേശം അറുപതോളം ആളുകൾ മരണപ്പെടുന്ന ഹാർബറാണ് മുതലപ്പൊഴി. മുതലപ്പൊഴി അക്ഷരാർത്ഥത്തിൽ മത്സ്യത്തൊഴിലാളികളുടെ മരണപ്പൊഴിയായി മാറിയിരിക്കുകയാണ്. ആർത്തിരമ്പുന്ന തിരമാലകളെ കീറിമുറിച്ചുകൊണ്ടും ഏതുനിമിഷവും അകപ്പെട്ട് പോകാവുന്ന മരണച്ചുഴികളെ അവഗണിച്ചുകൊണ്ടും സ്വന്തം ജീവൻ കയ്യിൽപ്പിടിച്ചുകൊണ്ടും ജീവിക്കാൻവേണ്ടി കടലിന്റെ അപാരതകളിലേയ്ക്ക് പോകുന്ന മത്സ്യത്തൊഴിലാളികൾ, ഈ രാജ്യത്തിന് വിലമതിക്കാനാകാത്ത

വിദേശനാണ്യം നേടിത്തരുന്ന മത്സ്യത്തൊഴിലാളികൾ, അവരുടെ ജീവന്റെ പ്രശ്നം അവർക്കുവേണ്ടി എന്നപേരിൽ നമ്മൾ നിർമ്മിച്ച ഹാർബർ അവരുടെ മരണക്കുടുക്കായി മാറുമ്പോൾ അതിനെക്കുറിച്ച് ചർച്ച ചെയ്യാൻ ഈ സഭയ്ക്ക് സമയമില്ലേ? 2018-ലെ പ്രളയകാലത്ത് യാതൊരു മുന്നറിയിപ്പുമില്ലാതെ ഡാമുകൾ തുറന്നുവിട്ടതിനെത്തുടർന്ന് അങ്ങയുടെ നിയോജകമണ്ഡലത്തിൽ വെള്ളം പൊങ്ങിയപ്പോൾ സംസ്ഥാനത്തിന്റെ എല്ലാ ഔദ്യോഗിക സംവിധാനങ്ങളും യാതൊരുതരത്തിലും അങ്ങയെ സഹായിക്കാൻ വരാതിരുന്നപ്പോൾ അങ്ങ് പൊട്ടിക്കരഞ്ഞത് കേരളം മുഴുവൻ കണ്ടതാണ്. അങ്ങയുടെ നിലവിളി ശബ്ദം പലരെയും അലോസരപ്പെടുത്തിയെങ്കിലും ആ നിലവിളിയിൽ അടങ്ങിയിരിക്കുന്ന വേദന തിരിച്ചറിഞ്ഞത് കേരളത്തിലെ മത്സ്യത്തൊഴിലാളികളായിരുന്നുവെന്ന് അങ്ങ് മനസ്സിലാക്കണം. അവർ അങ്ങയുടെ നിയോജകമണ്ഡലത്തിൽ വരികയും ആയിരക്കണക്കിനാളുകളെ രക്ഷപ്പെടുത്തുകയും ചെയ്തു. അങ്ങനെ രക്ഷപ്പെടുത്തിയ മത്സ്യത്തൊഴിലാളികൾ 2016 മുതൽ ഒന്നിനുപിറകെ ഒന്നായി മരിച്ചുകൊണ്ടിരിക്കുമ്പോൾ അതിനെക്കുറിച്ച് ചർച്ച ചെയ്യാനുള്ള ഗൗരവം ഈ വിഷയത്തിനില്ലായെന്ന് ആരുപറഞ്ഞാലും അങ്ങ് പറയാൻ പാടില്ലായിരുന്നു.

അറുപതോളം ആളുകൾ മരണപ്പെടുകയും അഞ്ഞൂറിലേറെ ആളുകൾക്ക് പരിക്കേൽക്കുകയും കോടിക്കണക്കിന് രൂപയുടെ മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെടുകയും ചെയ്തത് ഒരു തുറമുഖം വന്നതിനുശേഷമാണെങ്കിൽ അതിനെക്കുറിച്ച് നമ്മൾ ചർച്ച ചെയ്യണ്ടേ. ഫിഷറീസ് വകുപ്പിന്റെ പ്രയോറിറ്റി എന്താണ്; ഗവൺമെന്റിന്റെ പ്രയോറിറ്റിയിൽ ഈ മത്സ്യത്തൊഴിലാളികൾ വരുന്നില്ലേ? ഇത്രയും അപകടങ്ങളുണ്ടായിട്ടും പ്രാഥമികമായ ഒരു അന്വേഷണംപോലും ഫിഷറീസ് ഡിപ്പാർട്ടുമെന്റ് നാളിതുവരെയായി നടത്തിയിട്ടില്ലായെന്ന് പറയുമ്പോൾ എത്രമാത്രം ഗൗരവമാണ് നിങ്ങൾ ഈ വിഷയത്തിന് കൊടുക്കുന്നത്? വിവരാവകാശ പ്രവർത്തകനായ ശ്രീ. എം. ജെ. ആനന്ദിന് വിവരാവകാശ നിയമ പ്രകാരം ലഭിച്ച മറുപടി അനുസരിച്ചാണെങ്കിൽ ഫിഷറീസ് വകുപ്പ് നാളിതുവരെ ഒരു അന്വേഷണംപോലും നടത്തിയിട്ടില്ല. ഈ വിഷയം ആറ്റിങ്ങൽ പാർലമെന്റ് അംഗം പാർലമെന്റിൽ ഉന്നയിച്ചപ്പോൾ കേന്ദ്രഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. നിലവിൽ ഹാർബറിൽ സുരക്ഷിതത്വ പ്രശ്നങ്ങളൊന്നുമില്ലായെന്നാണ് കേരളം റിപ്പോർട്ട് നൽകിയത്. ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ സുരക്ഷിതത്വ

പ്രശ്നമുണ്ടെന്നാണ് പറഞ്ഞത്. എങ്ങനെയാണ് ഈ ഗവൺമെന്റ് മറിച്ചൊരു റിപ്പോർട്ട് കേന്ദ്രസർക്കാരിന് കൊടുക്കുന്നത്? കേന്ദ്രമന്ത്രി ശ്രീ. ഗിരി രാജ് സിംഗ് പാർലമെന്റിൽ നൽകിയ മറുപടിയിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്.

2018-ലെ പ്രളയത്തിലെ യഥാർത്ഥ ഹീറോസ് മത്സ്യത്തൊഴിലാളികളല്ലേ? ഈ കോവിഡ് കാലത്ത് യു.പി.യിലും ഇൻഡ്യയിലെ മറ്റ് പല സംസ്ഥാനങ്ങളിലും ആളുകളുടെ മൃതദേഹങ്ങൾ നദിയിലൂടെ ഒഴുകിനടന്നു. 2018-ലെ പ്രളയകാലത്ത് ചരിത്രത്തിൽ സമാനതകളില്ലാത്ത രക്ഷാപ്രവർത്തനത്തിന് മത്സ്യത്തൊഴിലാളികൾ നേതൃത്വം കൊടുത്തില്ലായിരുന്നുവെങ്കിൽ അതേ സ്ഥിതിവിശേഷം 2019-ൽ കേരളത്തിലുണ്ടാകുമായിരുന്നില്ലേ? ഈ നാട് ഒരു ശ്മശാനമായി മാറാതിരിക്കാനുള്ള ജാഗ്രതയിൽ തങ്ങളുടെ യാനങ്ങൾക്കും തങ്ങൾക്കും എന്ത് സംഭവിക്കുമെന്നുപോലും കണക്കിലെടുക്കാതെ രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകിയ മത്സ്യത്തൊഴിലാളികളെ കേരളത്തിന്റെ യഥാർത്ഥ സൈന്യമെന്നാണ് മുഖ്യമന്ത്രി വിശേഷിപ്പിച്ചത്. ആ മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതമായി മത്സ്യബന്ധനം നടത്തുന്നതിനുള്ള സാഹചര്യമൊരുക്കാൻ നമ്മുടെ സർക്കാരിന്

ബാദ്ധ്യതയുണ്ട്. ആ ബാദ്ധ്യത സർക്കാർ നിർവ്വഹിക്കണം.

തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴി ഉൾപ്പെടെയുള്ള കേരളത്തിലെ പല ഹാർബറുകളും അപകടകേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. ഓഖി ദുരന്തത്തിൽ ആകെ 143 പേർ മരിച്ചു. വിഴിഞ്ഞത്ത് മാത്രമായി 36 പേരാണ് ആ ദുരന്തത്തിൽ മരിച്ചത്. 2016 മുതൽ മുതലപ്പൊഴിയിൽ അറുപതോളം ആളുകൾ മരണപ്പെട്ടുകൊണ്ടിരിക്കുകയാണ്. അറുപതോളം ജീവൻ ഇവിടെ പൊലിഞ്ഞുവീണു. ഒരു ഹാർബർ വന്നതുകൊണ്ടുമാത്രമാണ് ഇത്രയും ആളുകളുടെ ജീവൻ നഷ്ടപ്പെട്ടത്. ഹാർബർ നിർമ്മിക്കുന്നത് മത്സ്യത്തൊഴിലാളികളുടെ സുരക്ഷിതമായ മത്സ്യബന്ധനത്തിന് വേണ്ടിയാണ്. എന്നാൽ അതിന് നേരെ വിപരീതമായ കാര്യങ്ങളാണ് നടക്കുന്നത്. 2016-ൽ മരണങ്ങളുണ്ടായിട്ടും നടപടിയുണ്ടായില്ല. 2017, 2018, 2019, 2020, 2021 വർഷങ്ങളിലെല്ലാം മരണം ഒരു തുടർക്കഥയായി. എന്ത് നടപടിയാണ് ഈ സർക്കാർ സ്വീകരിച്ചത്? ഈ ദുരന്തത്തിന് ഒരു പരിഹാരം കാണാൻ സർക്കാരിന് കഴിഞ്ഞില്ലെങ്കിൽ മത്സ്യത്തൊഴിലാളികൾ എന്ത് ചെയ്യും; അവർ ആരോട് പോയി പരാതി

പറയും? നാഴികയ്ക്ക് നാൽപ്പത് വട്ടവും ചേർത്തുനിർത്തുമെന്ന് പറഞ്ഞുകൊണ്ട് വാചകമടിക്കുന്ന സർക്കാരിനോടാണ് മത്സ്യത്തൊഴിലാളികളുടെ ചോദ്യം. മത്സ്യത്തൊഴിലാളികളെ രക്ഷിക്കാനാണോ അതോ സംഹരിക്കാനാണോ ഇത്തരം സംവിധാനങ്ങൾ നമ്മൾ ഒരുക്കുന്നത്. മുതലപ്പൊഴിയിൽ മരണപ്പെട്ട 60 കുടുംബങ്ങളുടെ സങ്കടക്കടൽ കാണാൻ ഈ സർക്കാരിന് കഴിയണം. മാരകമായി പരിക്കേറ്റ് ഇനിമുതൽ മത്സ്യബന്ധനത്തിനുപോലും പോകാൻ കഴിയാതെ തനിക്ക് ജീവിതം നൽകിയ ആ കടൽ തന്നിൽനിന്ന് അന്യമാകുന്നത് നോക്കിനിന്ന് നെടുവീർപ്പിടുന്ന മത്സ്യത്തൊഴിലാളികളുടെ വേദന കാണാൻ ഈ സർക്കാരിന് കഴിയണം. ബഹുമാനപ്പെട്ട മന്ത്രി നേരത്തെ സൂചിപ്പിച്ചതുപോലെ, ഈ കഴിഞ്ഞ ചൊവ്വാഴ്ചയും അപകടമുണ്ടായി. യോഗങ്ങൾ കൂടിക്കൊണ്ടിരിക്കുന്നതിന് ഒരു കുറവുമില്ല. യോഗങ്ങൾ കൃത്യമായി കൂടുന്നു അപകടങ്ങളും കൃത്യമായി അവിടെ നടക്കുന്നു. ഈ അപകടത്തിൽപ്പെട്ടവരെ സഹായിക്കാനും രക്ഷിക്കാനും എന്തെങ്കിലും സംവിധാനമുണ്ടോ? അവിടെ കോസ്റ്റൽ പോലീസിന് ഒരു ബോട്ടുണ്ട്. അപകടത്തിൽപ്പെട്ടവരെ രക്ഷിക്കാൻവേണ്ടി ബോട്ട് ആവശ്യപ്പെട്ടപ്പോൾ ഡ്രൈവറില്ല. ബോട്ടാണെങ്കിൽ വാടകയ്ക്കെടുത്തതാണ്. ഡ്രൈവറില്ല;

ഡ്രൈവറുണ്ടെങ്കിൽ ഡീസൽ ഇല്ല; ഡീസൽ ഉണ്ടെങ്കിൽ രക്ഷിക്കാൻ ആളില്ല എന്ന സ്ഥിതിയിലേയ്ക്കാണ് ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ മത്സ്യത്തൊഴിലാളികളെ രക്ഷിക്കാനുള്ള സംവിധാനങ്ങൾ എത്തിനിൽക്കുന്നത്. ഇതുപോലുള്ള സംഭവങ്ങളുണ്ടാകുമ്പോൾ മത്സ്യത്താഴിലാളികൾ റോഡ് ഉപരോധിക്കുകയും പ്രതിഷേധിക്കുകയും ചെയ്യും. അപ്പോൾ ഉദ്യോഗസ്ഥരും ബന്ധപ്പെട്ടവരും വന്ന് ഓരോ ഉറപ്പുകൾ നൽകും. ആ ഉറപ്പുകളെല്ലാം ജലരേഖയായി മാറിക്കൊണ്ടിരിക്കുകയാണ്. മുതലപ്പൊഴിയുടെ വടക്കുഭാഗത്ത് താഴംപള്ളി, അഞ്ചുതെങ്ങ്, മാമ്പള്ളി, പൂത്തുറ തുടങ്ങിയ പ്രദേശങ്ങളിൽ തീരം ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. അഞ്ചുതെങ്ങിൽ മൂന്നുനിരവീടുകളാണ് തീരത്തുണ്ടായിരുന്നത്. അതിൽ രണ്ടുനിര വീടുകളും കടലെടുത്തുകൊണ്ടുപോയി. സ്വാതന്ത്ര്യസമരത്തിന്റെ ആദ്യഘട്ട ചെറുത്തുനില്പായ 1721-ലെ ആറ്റിങ്ങൽ കലാപവും അന്ന് ബ്രിട്ടീഷുകാർ സ്ഥാപിച്ച അഞ്ചുതെങ്ങ് കോട്ടയുമെല്ലാം ഉൾപ്പെടുന്ന ചരിത്രപ്രാധാന്യമുള്ള അഞ്ചുതെങ്ങ് പ്രദേശവും താഴംപള്ളിയും മാമ്പള്ളിയും പൂത്തുറയുമെല്ലാം ഒരു സുപ്രഭാതത്തിൽ നിശ്ശേഷമായി അവിടെനിന്ന് തുടച്ചുമാറ്റപ്പെടുന്ന സാഹചര്യമുണ്ടാകും. നമ്മളെല്ലാം കേട്ടിട്ടുണ്ട്.

മൺമറഞ്ഞുപോയ സാമ്രാജ്യങ്ങളുടെ അവശിഷ്ടങ്ങൾ കണ്ടെത്തുന്നതിനുവേണ്ടി ചരിത്രഗവേഷകന്മാർ പര്യവേഷണം നടത്തുന്നത്. നാളെ അഞ്ചുതെങ്ങിനുവേണ്ടിയും ഇത്തരത്തിലൊരു പര്യവേഷണം നടത്തേണ്ട സ്ഥിതിവിശേഷമുണ്ടാകാതിരിക്കാനുള്ള ജാഗ്രത സംസ്ഥാന ഗവൺമെന്റ് കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ആധുനികകാലത്ത് ഒരു ഭൂപ്രദേശം കടലെടുത്തുകൊണ്ടുപോകുന്നത് അനുവദിക്കാൻ പാടില്ല. തീരം അതേപടി നിലനിർത്തുന്നതിന് കടലിന്റേതായ പാരിസ്ഥിതികരീതിയുണ്ട്. മേയ് അവസാനം മുതൽ ആഗസ്റ്റ് മാസം വരെ തെക്കോട്ടാണ് കടലിന്റെ ഒഴുക്ക് അപ്പോൾ മണൽ തെക്കോട്ട് അടിയും. സെപ്റ്റംബർ അവസാനം മുതൽ ഏപ്രിൽ മാസം വരെ തെക്കുനിന്ന് വടക്കോട്ട് ഒഴുകി എടുത്തുകൊണ്ടുപോയ മണൽ തിരിച്ചുകൊണ്ടുവരും. 'Longshore drift' എന്നറിയപ്പെടുന്ന ആ പ്രതിഭാസമാണ് ഈ തീരങ്ങളെ അതുപോലെ നിലനിർത്തുന്നത്. ഈ ഹാർബർ വന്നതോടുകൂടി ഒരു നാച്വറൽ സാൻഡ് ബൈപ്പാസ് എന്നുപറയുന്ന സ്ഥിതിവിശേഷം അവിടെയില്ലാതായി. അതുകൊണ്ടാണ് വടക്കുഭാഗത്തുള്ള തീരങ്ങളെല്ലാം ശോഷിച്ചുകൊണ്ടിരിക്കുന്നത്. പ്രതിപക്ഷനേതാവും മുൻ മുഖ്യമന്ത്രി

ശ്രീ. ഉമ്മൻചാണ്ടിയും ആ സ്ഥലം സന്ദർശിച്ചതിനുശേഷം അങ്ങ് അവിടെ പോയി അദാനിക്ക് നിർദ്ദേശം കൊടുത്തു. ഇതൊന്നും ശാശ്വതമായ പരിഹാരമല്ല, അത് പ്രായോഗികമല്ല, വിഴിഞ്ഞത്ത് ഡ്രഡ്ജിംഗ് നടത്തിയെന്നും എല്ലാം പരിഹരിച്ചുവെന്നും അങ്ങ് പറഞ്ഞു. ഇന്ന് പോയാലും മൗത്തിൽ കടലടിക്കുന്നു, ഹാർബറിനുള്ളിൽ കടലടിക്കുന്നു, അവിടെ കെട്ടിയിട്ടിരിക്കുന്ന യാനങ്ങൾ പരസ്പരം കൂട്ടിയിടിച്ച് തകർന്നുപോകുന്നു. ശാശ്വതമായ പരിഹാരമാണ് ഇതിനുവേണ്ടത്. ഇത് മുതലപ്പൊഴിയിൽ മാത്രമുള്ള പ്രശ്നമല്ല, വിഴിഞ്ഞത്തെയും പ്രശ്നമാണ്. വിഴിഞ്ഞത്ത് രണ്ടുമാസത്തിനുള്ളിൽ മൂന്നുമരണങ്ങളുണ്ടായി. ദശലക്ഷക്കണക്കിന് രൂപയുടെ യാനങ്ങളുടെയും മത്സ്യബന്ധന ഉപകരണങ്ങളുടെയും നഷ്ടമുണ്ടായി. ഹാർബറിൽ ടെട്രാപോഡുകളും പാറകളുമെല്ലാം ഒലിച്ചുപോയി. അതെല്ലാം അടിയന്തരമായി പുനഃസ്ഥാപിച്ചുകൊണ്ട് അവിടെ ഡ്രഡ്ജിംഗ് നടത്താനുള്ള ഒരു സ്ഥിരം സംവിധാനം ഗവൺമെന്റ് ഉണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മുതലപ്പൊഴി ഉൾപ്പെടെയുള്ള ഹാർബറുകളിൽ അപകടം കൂടുതലുള്ള സ്ഥലത്ത് അടിയന്തരമായി റെസ്ക്യൂ ടീമിനെ ഏർപ്പെടുത്താൻ ഈ ഗവൺമെന്റ് തയ്യാറാകണം. മണൽ അടിയുന്ന

തുറമുഖങ്ങളിൽ സാൻഡ് ബൈപ്പാസിംഗ് നടത്തണം. പോണ്ടിച്ചേരി ആവിഷ്കരിച്ച് നടപ്പിലാക്കിയ ഒരു പദ്ധതിയുണ്ട്. അവിടെ വലിയ പൈപ്പ്ലൈൻ സ്ഥാപിച്ച് മോട്ടോർ ഉപയോഗിച്ചാണ് സാൻഡ് ബൈപ്പാസിംഗ് നടത്തുന്നത്. അതിനെക്കുറിച്ച് പഠിച്ച് അതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. നിലവിലെ പ്രശ്നങ്ങൾ പഠിക്കാൻവേണ്ടി ഒരു ഏജൻസിയെ ചുമതലപ്പെടുത്തിയെന്ന് പറയുന്നു. ആ പഠനത്തിന്റെ മുഖ്യഭാഗവും മത്സ്യത്തൊഴിലാളികളുടെ അനുഭവജ്ഞാനമായിരിക്കണം. കാറ്റിന്റെ ഗതിയും വേലിയേറ്റത്തിന്റെയും വേലിയിറക്കത്തിന്റെയും സ്വഭാവവും കണക്കിലെടുക്കണം. അങ്ങനെ ആ പ്രദേശത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ടുള്ള പരിഹാരനടപടികളാണ് വേണ്ടത്. മുതലപ്പൊഴിയിൽ മരണപ്പെടുന്നവരുടെ മൃതദേഹങ്ങൾ സംസ്കരിക്കുന്നതും മത്സ്യത്തൊഴിലാളികൾ തന്നെയാണ്. സംസ്കരിച്ചതിനുശേഷം അന്ന് വൈകുന്നേരം വീണ്ടും അവർ മത്സ്യബന്ധനത്തിനുപോകും. അവിടെ പതിയിരിക്കുന്ന അപകടത്തിൽപ്പെട്ട് തന്റെ ജീവൻ നഷ്ടപ്പെടുമെന്ന് തിരിച്ചറിഞ്ഞിട്ടും മത്സ്യം പിടിക്കാൻ പോകുന്നത് അവന്റെ വീട് പട്ടിണിയിലാകാതിരിക്കാനാണ്, അവരുടെ

മക്കളുടെ വിദ്യാഭ്യാസത്തിനാണ്, അച്ഛനും അമ്മയ്ക്കും മരുന്ന് വാങ്ങിക്കൊടുക്കാനാണ്. മത്സ്യത്തൊഴിലാളിക്ക് ഈ ജോലിയല്ലാതെ മറ്റൊരു ജോലിയും അറിയില്ല. ഇവിടെ അറുപതോളം ആളുകൾ മരണപ്പെട്ടു. ഇനിയൊരു അറുപത്തിയൊന്നാമൻ മരണപട്ടികയിലുണ്ടാകാതിരിക്കാനുള്ള ജാഗ്രത ഈ സർക്കാർ കാണിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. അതിനുവേണ്ടിയുള്ള ഗൗരവം കൊടുത്തുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. വി. ശശി</u>: സർ, ബഹുമാനപ്പെട്ട എം. വിൻസെന്റ് അവതരിപ്പിച്ച അടിയന്തരപ്രമേയം എന്റെ മണ്ഡലത്തിലുള്ള ഒരു ഹാർബറുമായി ബന്ധപ്പെട്ടാണ്. ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായാണ് 13 കോടി രൂപയുടെ ഈ ഹാർബറിന്റെ നിർമ്മാണം 2011-ൽ ആരംഭിച്ചത്. നിർമ്മാണം പൂർത്തിയാക്കിയപ്പോൾ അത് അശാസ്ത്രീയമാണെന്ന വിഷയം ഉയർന്നുവന്നു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വീണ്ടും പഠനവിധേയമാക്കി 31 കോടി രൂപ ചെലവഴിച്ച് പുനർനിർമ്മിച്ച

ഹാർബറാണ് നിലവിലുള്ളത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുതന്നെയാണ് നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്.

മി. സ്പീക്കർ: സർ, അങ്ങ് ചുരുക്കി വിഷയം അവതരിപ്പിക്കണം. അങ്ങയുടെ മണ്ഡലമായതുകൊണ്ടാണ് സംസാരിക്കാൻ അനുവദിച്ചത്.

ശ്രീ. വി. ശശി: 13 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച ഹാർബറിന്റെ നിർമ്മാണം അശാസ്ത്രീയമാണെന്ന കണ്ടെത്തലിന്റെ ഭാഗമായാണ് 31 കോടി രൂപ ചെലവഴിച്ച് അത് പുനർനിർമ്മിച്ചത്. ഇപ്പോഴും അത് അശാസ്ത്രീയമാണെന്ന വിലയിരുത്തലാണ് എല്ലാ ഭാഗത്തുനിന്നും ഉയർന്നുവരുന്നത്. ഇതുസംബന്ധിച്ച് ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. അവിടെ ഉയർന്നുവന്ന പ്രശ്നങ്ങളും അപകടങ്ങളുമെല്ലാം ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട മന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ ബന്ധപ്പെട്ട എല്ലാ തൊഴിലാളികളുടെയും പ്രതിനിധികളും ജനപ്രതിനിധികളും ഗ്രാമപഞ്ചായത്തിന്റെയും ജില്ലാ പഞ്ചായത്തിന്റെയും പ്രതിനിധികളും പങ്കെടുത്തു. അവർ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ പൂർണ്ണമായി അംഗീകരിച്ച് സമയബന്ധിതമായ ഒരു പദ്ധതി നടപ്പാക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പുനൽകി. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇപ്പോൾ

മുന്നോട്ടുപോകുകയാണ്. ഇതാണ് അതിന്റെ പശ്ചാത്തലം. അപകടങ്ങൾ തുടർച്ചയായി ഉണ്ടാകുന്നുവെന്നത് വസ്തുതയാണ്. അതിന് പരിഹാരം കാണുകയെന്നതായിരുന്നു അന്ന് നടന്ന ചർച്ചയുടെ പ്രധാന ലക്ഷ്യം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ശ്രീ. എം. വിൻസെന്റ് മരണസംഖ്യ 60 ആണെന്ന ഇല്ലാത്ത കാര്യം പറഞ്ഞ് ആളുകളെ പ്രയാസപ്പെടുത്തുകയാണ്. മരണപ്പെട്ടവരുടെ കൃത്യമായ കണക്ക് ഇവിടെയുണ്ട്. 2011 മുതൽ ഇതുവരെ ആകെ 16 പേരാണ് അവിടെ മരിച്ചിട്ടുള്ളത്. മരിച്ചവരുടെ എണ്ണം 18 ആയാലും 60 ആയാലും 1 ആയാലും സങ്കടകരമാണ്. അതിലൊന്നും എനിക്ക് തർക്കമില്ല. പക്ഷേ കണക്കുകൾ പെരുപ്പിച്ച് പറയരുത്. ഈ പ്രശ്നം ആരെങ്കിലും ബോധപൂർവ്വം ഉണ്ടാക്കിയതാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. എൽ.ഡി.എഫ്.-യു.ഡി.എഫ്. ഗവൺമെന്റുകളുടെ കാലത്ത് ഹാർബർ നിർമ്മാണങ്ങൾ നടന്നിട്ടുണ്ട്. പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് നിർമ്മാണം നടത്തിയത്. നിർമ്മാണത്തിൽ എന്തെങ്കിലും പോരായ്മയുണ്ടോയെന്ന് പരിശോധനയുടെ അടിസ്ഥാനത്തിൽ തീരുമാനമെടുത്ത് ആവശ്യമായ പണം അനുവദിച്ച് മുതലപ്പൊഴിയിലെ

ഇന്നത്തെ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുമെന്ന് സഭയിൽ ഉറപ്പുനൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹം വിഴിഞ്ഞത്തെ പ്രശ്നം പറഞ്ഞു. വിഴിഞ്ഞത്ത് ഞങ്ങളാരെങ്കിലും ഉണ്ടാക്കിയ പ്രശ്നമാണോ? അവിടെ അദാനിയുമായി ഉടമ്പടിയുണ്ടാക്കിയത് പ്രതിപക്ഷമാണ്. ആ ഉടമ്പടിയിന്മേലെടുത്ത തീരുമാനം നടപ്പാക്കുന്ന ഉത്തരവാദിത്വമാണ് ഈ ഗവൺമെന്റിനുള്ളത്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട്, ഞാൻ പങ്കെടുത്ത് നാല് യോഗങ്ങൾ കൂടി ചർച്ച നടത്തി. അതിന്റെ ഫലമായി അവിടെ ഡ്രഡ്ജിംഗ് നടന്നുകൊണ്ടിരിക്കുന്നു. കുറച്ചുഭാഗം തീർന്നു, ഇപ്പോൾ അവിടെ കാര്യമായ പ്രശ്നങ്ങളൊന്നുമില്ലെന്ന് ശ്രീ. എം. വിൻസെന്റിനറിയാം. ആ വിഷയം ഇവിടെ ആവർത്തിക്കേണ്ട കാര്യമില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഞാൻ കാസർഗോഡ് പോയ കാര്യം പറഞ്ഞു. അവിടെയും പതിനേഴര കോടി രൂപ അനുവദിച്ച് പ്രവൃത്തി ആരംഭിച്ചു. ശ്രീ. എൻ. എ. നെല്ലിക്കുന്നിനെ സംസാരിക്കാൻ അനുവദിക്കാത്തതിനാലായിരിക്കും അദ്ദേഹം ഒന്നും മിണ്ടാത്തതെന്നാണ് ഞാൻ കരുതുന്നത്. അദ്ദേഹത്തിന് വളരെ സന്തോഷമായിരിക്കും, കാരണം ഇനിയൊരു അപകടം അവിടെ ഉണ്ടാകാത്തരീതിയിൽ ശാസ്ത്രീയമായിതന്നെ നിർമ്മാണം പൂർത്തീകരിക്കാൻ

ഈ ഗവൺമെന്റ് പണം നൽകിയിട്ടുണ്ട്. എത്രയുംവേഗം നിർമ്മാണം പൂർത്തീകരിക്കാൻവേണ്ട തീരുമാനവുമെടുത്തിട്ടുണ്ട്. മറ്റുകാര്യങ്ങളിലേയ്ക്കൊന്നും കടക്കേണ്ടതില്ല. മത്സ്യത്തൊഴിലാളികളെ ഏറ്റവും കൂടുതൽ അംഗീകരിച്ച ഒരു ഗവൺമെന്റാണ് ശ്രീ. പിണറായി വിജയന്റെ ഗവൺമെന്റെന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. ബഹുമാനപ്പെട്ട എം. വിൻസെന്റ് സംസാരിക്കുമ്പോൾ താളത്തിനൊത്ത് അടിച്ചുപോകരുത്, എപ്പോഴും ഒരുപോലെ താളം നിൽക്കുകയില്ല. 9985 കോടി രൂപ കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് സംസ്ഥാനത്തെ തീരദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. ആ കണക്ക് ഞാൻ മേശപ്പുറത്തുവയ്ക്കുകയാണ്. ടൗട്ടേ, ഓഖി ചുഴലിക്കാറ്റുകൾ, പ്രളയം എന്നിവയുടെ പശ്ചാത്തലത്തിലാണ് അപകടങ്ങളുണ്ടാകുന്നത്. 27 ഹാർബറുകളിൽ രണ്ടോമൂന്നോ പ്രദേശങ്ങളിലുണ്ടാകുന്ന അപകടങ്ങളിൽ കടൽക്ഷോഭവുമായി ബന്ധമുണ്ട്. അതില്ലായിരുന്നെങ്കിൽ ഇത്രയും വലിയ അപകടമുണ്ടാകുമായിരുന്നില്ല. ചിലപ്പോൾ അവിടെ ഉണ്ടാകുമായിരിക്കാം. ഇത്തരമൊരു ഘട്ടത്തിൽ വലിയ തരത്തിലുള്ള പിന്തുണ ഗവൺമെന്റ് കൊടുക്കുന്നതിന്റെ ഭാഗമായാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം

ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ 1500 കോടി രൂപ ഈ വർഷം തീരദേശ മേഖലയ്ക്ക് അനുവദിച്ചത്.

ശ്രീ. എം. വിൻസെന്റ്: സർ, ബഹുമാനപ്പെട്ട മുൻധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റുകളിൽ ഓഖി പുനരധിവാസത്തിനുവേണ്ടി 2000 കോടി രൂപയുടെ പാക്കേജും 5000 കോടി രൂപയുടെ തീരദേശ പാക്കേജും പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. അതിന്റെ സ്ഥിതി എന്തായെന്ന് അങ്ങേയ്ക്ക് പറയാൻ സാധിക്കുമോ; പ്രഖ്യാപനങ്ങൾ മാത്രമേയുണ്ടാകുന്നുള്ളൂ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഇതൊരു ചർച്ചയാക്കാൻ സാധിക്കില്ല.

ശ്രീ. സജി ചെറിയാൻ: സർ, ഞാൻ ചർച്ചയിലേയ്ക്ക് പോകുന്നില്ല. തീരദേശത്തെ മത്സ്യത്തൊഴിലാളികളുടെ സ്ഥിതി സംബന്ധിച്ചുള്ള ചർച്ചയായതിനാലാണ് ഞാൻ അദ്ദേഹത്തെ സംസാരിക്കാൻ അനുവദിച്ചത്. ഈ പ്രശ്നം വസ്തുതാപരമാണ്. അവരുടെ ജീവിതനിലവാരവും സാമൂഹിക-സാമ്പത്തിക സ്ഥിതിയും നമ്മൾ മനസ്സിലാക്കുന്നുണ്ട്. അത് പരിഹരിക്കാൻ അനുവദിക്കപ്പെട്ട കാര്യങ്ങളാണ് ഞാൻ വിശദീകരിച്ചത്. അനുവദിക്കപ്പെട്ട ബഹുഭൂരിപക്ഷം തുകയും ചെലവഴിച്ചുകൊണ്ടുള്ള മുന്നേറ്റമാണ് കഴിഞ്ഞ

അഞ്ചുവർഷവും നടത്തിയത്. പോരായ്മകളുണ്ടെങ്കിൽ ചർച്ച ചെയ്ത് അത് പരിഹരിക്കപ്പെടുമെന്ന കാര്യത്തിൽ സംശയംവേണ്ട. അക്കാര്യത്തിൽ ഒരാശങ്കയുടെയും ആവശ്യമില്ല. ഹാർബറുകളെ സംബന്ധിച്ച് ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. കേരളത്തിൽ ആകെയുള്ള 26 ഹാർബറുകളിൽ 8 ഹാർബറുകൾ ഈ ഗവൺമെന്റിന്റെ കാലത്താണ് നിർമ്മിച്ചുനൽകിയത്. അവിടെയൊന്നും ഒരപകടവുമില്ലായെന്നത് അഭിമാനത്തോടുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഹാർബറുകളിൽ അപകടമുണ്ടാകുന്നത് സംബന്ധിച്ച് ശ്രീ. വി. ശശി പറഞ്ഞതിനാൽ അക്കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല.

മത്സ്യത്തൊഴിലാളികൾ കേരളത്തിന്റെ സൈന്യമാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് വളരെ അഭിമാനത്തോടുകൂടിയാണ്. ബഹുമാനപ്പെട്ട അംഗം വിഷയം അവതരിപ്പിച്ചപ്പോൾ 2018-ലെ വെള്ളപ്പൊക്കത്തെക്കുറിച്ചും അതിൽ എന്റെ നിലപാടുകളെക്കുറിച്ചും പറഞ്ഞു. അതൊക്കെ നിരവധി തവണ ചർച്ച ചെയ്ത വിഷയമാണ്. 2018-ലെ പ്രളയമുണ്ടാക്കിയ പ്രയാസങ്ങൾക്ക് പരിഹാരം കാണാൻ ഗവൺമെന്റ് ആ കാലഘട്ടത്തിൽ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് അഭിമാനത്തോടുകൂടി

ഈ സഭയിൽതന്നെ ഞാൻ പറഞ്ഞിട്ടുണ്ട്, ഇന്നും അഭിമാനത്തോടുകൂടിതന്നെ അതിനെ കാണുകയാണ്. ചെങ്ങന്നൂർ മാത്രമല്ല, പത്തനംതിട്ട, ആറന്മുള, റാന്നി എന്നീ പ്രദേശങ്ങളിലും പ്രളയം വലിയ പ്രശ്നങ്ങളുണ്ടാക്കി. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് യുദ്ധകാലാടിസ്ഥാനത്തിൽ എല്ലാ സംവിധാനങ്ങളുമൊരുക്കി അതിനെ അതിജീവിച്ചുവെന്നതാണ് ഏറ്റവും വലിയ അഭിമാനമായി ഞങ്ങൾ കാണുന്നത്. അതിൽ ഞങ്ങളെല്ലാം ഇടപെട്ടു എന്നുള്ളത് വസ്തുതയാണ്. അതിന്റെ ഭാഗമായി പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞു. അവിടെയെല്ലാം മത്സ്യത്തൊഴിലാളികൾ നടത്തിയ ശ്ലാഘനീയമായ പ്രവർത്തനത്തെയാണ് ഞങ്ങൾ അഭിനന്ദിച്ചത്. അതുകൊണ്ടാണ് മത്സ്യത്തൊഴിലാളികളെ കേരളത്തിന്റെ സൈന്യമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചത്. അവർ സൈന്യംതന്നെയാണ്. അതിന്റെ ഭാഗമായി അവർക്കെല്ലാവിധമായ പിന്തുണയും സഹായവും ഈ ഗവൺമെന്റ് ചെയ്യുന്നുണ്ടെന്ന് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഹാർബറിനെ സംബന്ധിച്ച് കേന്ദ്രഗവൺമെന്റ് ചോദിച്ചപ്പോൾ ഇവിടെ ഒരു പ്രശ്നവുമില്ലെന്ന് സംസ്ഥാന ഗവൺമെന്റ് പറഞ്ഞെന്ന് സംസാരിക്കുന്നതിനിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞു. കേന്ദ്ര

ഗവൺമെന്റ് ചോദിച്ച ഘട്ടത്തിൽ അവിടെ കുഴപ്പമില്ല എന്നല്ല പറഞ്ഞത്, നിർമ്മാണം പൂർത്തീകരിച്ച ഘട്ടത്തിൽ കൊടുത്ത റിപ്പോർട്ടാണത്. വീണ്ടും അവിടെ അപകടമുണ്ടായപ്പോഴാണ് നമ്മൾ പരിശോധിക്കാൻ പോയത്. അപകടത്തിൽപ്പെട്ടവർക്ക് എന്ത് സഹായം നൽകിയെന്ന് പിന്നീട് അദ്ദേഹം ചോദിച്ചു, ഇതിനുമുമ്പ് കാസർഗോഡ് ഒരാൾ മരിച്ചു, ഞാൻ അവിടെ സന്ദർശിച്ചശേഷം 10 ലക്ഷം രൂപ അനുവദിച്ചുനൽകി. അതിനുമുമ്പ് മരിച്ച രണ്ടുപേർക്ക് 20 ലക്ഷം രൂപ വച്ച് അനുവദിച്ചു. ആ തുക ഉടൻ കിട്ടും. 18 വയസ് പൂർത്തിയാകാത്ത ഒരു കുട്ടിക്കുവേണ്ടിയുള്ള സഹായം കൊടുക്കാൻ മുഖ്യമന്ത്രിയുടെ CMDRF-ൽ കൃത്യമായ അപേക്ഷ നൽകിയിട്ടുണ്ട്. അത് പരിശോധിച്ച് ആവശ്യമായ സഹായം ചെയ്യും. അതുപോലെ വിഴിഞ്ഞത്തും മുതലപ്പൊഴിയിലും മരിച്ചവരുടെ കുടുംബങ്ങൾക്കെല്ലാം സാമ്പത്തിക സഹായം നൽകിക്കഴിഞ്ഞു. പരിക്കുപറ്റിയവർക്കെല്ലാം നല്ല രീതിയിൽ ചികിത്സാ സഹായങ്ങൾ അനുവദിച്ചിട്ടുണ്ട്. അക്കാര്യത്തിൽ യാതൊരു ആശങ്കയുംവേണ്ട. ഞാൻ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഈ ഗവൺമെന്റ് നടത്തുന്ന നല്ല പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുന്ന വിധത്തിലുള്ള ക്യാമ്പയിൻ നടത്തരുത്, ഇത് എന്റെ ഒരപേക്ഷയാണ്.

കാര്യങ്ങൾ ചർച്ച ചെയ്യാം. പക്ഷേ ചർച്ച ചെയ്യുമ്പോൾ തീരദേശം ഞങ്ങൾ കാണാത്തവരും നിങ്ങൾ രണ്ടുമൂന്നുപേർ മാത്രമാണ് തീരദേശത്ത് പ്രവർത്തിക്കുന്നതെന്ന ധാരണയിലെത്തരുത്. തീരദേശത്തെപ്പറ്റി നന്നായി പഠിച്ച് പൊതുപ്രവർത്തനം നടത്തി വന്നിരിക്കുന്നവരാണ് ഇവിടെയിരിക്കുന്നവരെല്ലാം എന്ന ധാരണ നിങ്ങൾക്കുവേണം. തീരദേശജനങ്ങളുടെ ചെറുതും വലുതുമായ എല്ലാ പ്രശ്നങ്ങളിലും ഞങ്ങൾ ഇടപെടും. ഞാൻ ഒരു കാര്യം ഉറപ്പിച്ചുപറയുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരള നിയമസഭയിൽ ഒരു വാക്ക് പറഞ്ഞിട്ടുണ്ട്. അഞ്ചുവർഷത്തിനുള്ളിൽ, ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ തീരദേശത്തിന്റെ കണ്ണുനീർ തുടച്ചുമാറ്റുമെന്ന ആ വാക്ക് പാലിക്കപ്പെടും, അക്കാര്യത്തിൽ ഒരാശങ്കയും വേണ്ട. ഉണ്ടായ അപകടങ്ങൾക്കെല്ലാം ശാശ്വത പരിഹാരം കാണാനുള്ള നടപടി സ്വീകരിക്കും. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല എന്നാണ് എന്റെ അഭിപ്രായം.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കഴിഞ്ഞ ആറ് വർഷക്കാലത്തിനിടയിൽ മുതലപ്പൊഴിയിൽ മരിച്ചുവീണത് 60 പേരാണ്. 600 വീടുകൾ പൂർണ്ണമായും തകർന്നു. ലക്ഷക്കണക്കിന് രൂപയുടെ വള്ളവും വലയും നഷ്ടപ്പെട്ടു. ഈ വർഷം മാത്രം പത്തിലധികം ആളുകൾ മരിച്ചു. ഇക്കഴിഞ്ഞ ദിവസവും മിനിഞ്ഞാന്നും അവിടെ അപകടമുണ്ടായി. ഞാൻ അവിടെ സന്ദർശിച്ചു. ഇക്കാര്യങ്ങളെല്ലാം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും നിയമസഭയിൽ അവതരിപ്പിക്കുകയും ചെയ്യാമെന്ന് ഞങ്ങൾ അവർക്ക് ഉറപ്പുകൊടുത്തു. ഞാൻ അവിടെനിന്നും തിരിച്ചുപോയി ഒരാഴ്ച കഴിഞ്ഞപ്പോൾ വീണ്ടുമൊരാൾ പൊഴിയിൽ വീണ് അപകടത്തിൽപ്പെട്ട് മരിച്ചു. ബഹുമാനപ്പെട്ട മന്ത്രിയുടെ ഒരു മറുപടിയാണ് എന്നെ സങ്കടപ്പെടുത്തിയത്. അവിടെ 16 പേർ മാത്രമേ മരിച്ചുള്ളൂ, പെരുപ്പിച്ച് കാണിക്കരുതെന്നാണ് അദ്ദേഹം പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി, ഞങ്ങൾ ഈ നിയമസഭയിൽ സംസാരിക്കുന്നത് കണക്കുകളുടെ അടിസ്ഥാനത്തിലാണ്. 2018-ൽ ഒരു ഫിഷറീസ് ഓഫീസർ തന്നിരിക്കുന്ന കണക്കിൽത്തന്നെ അവിടെ 18 പേർ മരിച്ചിട്ടുണ്ട്. അതിൽ ക്ഷേമനിധിയിൽ

അംഗമല്ലാത്തതിന്റെ പേരിൽ 3 പേർക്ക് നഷ്ടപരിഹാരം കൊടുത്തില്ല. പിന്നെ ഏത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മരണം പെരുപ്പിച്ച് കാണിക്കുകയാണെന്ന് അങ്ങ് പറഞ്ഞത്? അതിനുശേഷം ഈ വർഷം ആരും മരിച്ചിട്ടില്ലേ; 2019-ലും 2020-ലും ആരും മരിച്ചിട്ടില്ലേ?

ശ്രീ. സജി ചെറിയാൻ: സർ, എന്നോട് ചോദിച്ചതുകൊണ്ടാണ് .... ഞാൻ ഇടപെടുകയല്ല. മുതലപ്പൊഴി എന്ന പ്രദേശത്ത് നടന്ന അപകടമാണ് ഈ പറഞ്ഞത്. ഈ പറയുന്ന പ്രദേശങ്ങളുടെ അപ്പുറവും ഇപ്പുറവുമായി പല ആളുകളും മരിച്ചിട്ടുണ്ട്. ഞാൻ ആ കണക്കല്ല ഇവിടെ പറഞ്ഞത്. ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ഉന്നയിച്ച particular point-ൽ ഞാൻ ഉറപ്പിച്ച് പറയുന്നു, ആ കണക്കാണ് ഈ കണക്ക്. അതിലൊരു മാറ്റവുമില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അങ്ങയെ വെല്ലുവിളിക്കുന്നു. മുതലപ്പൊഴി ഹാർബറിൽ പോയിനിന്ന് പ്രസ്തുത ഹാർബർ നിർമ്മിച്ചതിനുശേഷം ഇതുവരെ അവിടെ 16 പേർ മാത്രമേ മരിച്ചിട്ടുള്ളൂ എന്ന് അങ്ങേയ്ക്ക് പറയാൻ സാധിക്കുമോ? മുതലപ്പൊഴിയിൽ മരിച്ച മുഴുവൻ ആളുകളുടെയും പേരും അഡ്രസ്സും ഞങ്ങൾ അങ്ങേയ്ക്ക് തരാം. 2018-ലെ കണക്കിൽത്തന്നെ മുതലപ്പൊഴിയിൽ മരിച്ച 18 പേരുടെ പേരുള്ള ഫിഷറീസ്

ഓഫീസർ നൽകിയ ലിസ്റ്റ് എന്റെ കയ്യിലിരിക്കുന്നു. എന്നിട്ട് അങ്ങ് പറയുകയാണ്, ഇതുവരെ മരിച്ചത് 16 പേരാണെന്ന്. അവിടെ 500-ൽ അധികം ആളുകൾക്ക് പരിക്ക് പറ്റിയിട്ടുണ്ട്. മത്സ്യബന്ധനത്തിന് പോകുന്ന ഒരാളെങ്കിലും അപകടത്തിൽപ്പെടാത്ത ഒരൊറ്റ മത്സ്യത്തൊഴിലാളി കുടുംബംപോലും അവിടെയില്ല. 14,000 പേർ മാത്രം താമസിക്കുന്ന മത്സ്യത്തൊഴിലാളി ഗ്രാമമാണ്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എം. വിൻസെന്റ് സൂചിപ്പിച്ചതുപോലെ, എന്നിട്ടും നിവൃത്തിയില്ലാതെ ആളുകൾ വീണ്ടും കടലിൽ പോകുകയാണ്. മുതലപ്പൊഴി അപകടപ്പൊഴിയായി, മരണപ്പൊഴിയായി ഇങ്ങനെ നിൽക്കുകയാണ്. ആറ് വർഷമായി തുടർച്ചയായി മരണമുണ്ടാകുകയാണ്. നമ്മൾ അവിടെ പോയി വന്നതിനുശേഷം എത്രയോ അപകടങ്ങളുണ്ടായി. തുടർച്ചയായി അപകടം സംഭവിക്കുന്നതിന്റെ പശ്ചാത്തലത്തിൽ മുതലപ്പൊഴിയിലെ ആളുകൾ ഇന്നലെ അവിടെ റോഡുകൾ ഉപരോധിച്ചില്ലേ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, അങ്ങയോട് വാദിക്കാൻ വേണ്ടിയല്ല പറയുന്നത്. കേരളത്തിലെ പോലീസ് സംവിധാനം തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം സജിമോൻ, വൈശാഖ്, അജീഷ്, സെബാസ്റ്റ്യൻ, ബിനു, മിലാൻ,

സൗജിത്ത്, ജോൺസൻ, ഷാജി, വിക്ടർ, മുഹമ്മദ്, വർഗ്ഗീസ്, റോഹി, ലാസർ, സജിൻ, സാജു, ക്രിസ്റ്റ്യൻരാജ് എന്നിങ്ങനെയുള്ള ആളുകളുടെ ലിസ്റ്റാണ് അങ്ങയുടെ കയ്യിലിരിക്കുന്നതെങ്കിൽ ആ ലിസ്റ്റ് പ്രകാരമുള്ളവരുടെ, അപകടത്തെ സംബന്ധിച്ചുള്ള പോലീസിന്റെ കണക്ക് പ്രകാരമുള്ള മരണം... അങ്ങ് പറയുന്ന അഞ്ചുതെങ്ങ് ഉൾപ്പെടെയുള്ള മറ്റ് ഭാഗങ്ങളിൽ ആളുകൾ മരിച്ചിട്ടുണ്ട്. 2011 മുതൽ ഇതുവരെയുള്ള കണക്കാണ് ഞാൻ പറഞ്ഞത്. അതിനകത്ത് അങ്ങ് എന്നെ വെല്ലുവിളിക്കേണ്ട. ആ കണക്കിൽ വെല്ലുവിളിക്കുകയാണെങ്കിൽ നമുക്ക് രണ്ടുപേർക്കും അവിടെപ്പോയി പരിശോധിക്കാം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് ഇപ്പോൾ പോലീസിന്റെ റിപ്പോർട്ട് വായിച്ചു. അങ്ങയുടെ ഡിപ്പാർട്ടുമെന്റിലെ ഓഫീസറിൽനിന്നും ലഭിച്ച മുതലപ്പൊഴിയിൽ മരിച്ച ആളുകളുടെ ലിസ്റ്റ് ഞാൻ തിരിച്ചുവായിക്കാം. അതിൽ അങ്ങയുടെ പോലീസ് റിപ്പോർട്ടിൽ ഒന്നുമില്ല. നെൽസൻ, ഫ്രാൻസിസ്, ജോസ്, റോബർട്ട്, തോമസ്, മാത്യു, ജോസഫ്, മൈക്കിൾ, ക്ലീറ്റസ്, ഫ്രെഡ്ഡി ജോർജ്ജ്, ബെന്നറ്റ്, റിച്ചാർഡ്, സ്റ്റെല്ലസ്, ജോൺസൻ, അസ്കർ. ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് അങ്ങയുടെ ഡിപ്പാർട്ടുമെന്റിൽനിന്നും

തരുന്ന റിപ്പോർട്ടിനെ ആശ്രയിക്കൂ. പോലീസ് റിപ്പോർട്ടിനെ ആശ്രയിക്കല്ലേ. മുതലപ്പൊഴിയിൽ മരിച്ച ആളുകളുടെ ലിസ്റ്റ് സംബന്ധിച്ച് വിവരാവകാശ നിയമപ്രകാരം അങ്ങയുടെ ഡിപ്പാർട്ടുമെന്റിലെ ഒരു ഫിഷറീസ് ഓഫീസർ നൽകിയ ലിസ്റ്റാണ് ഞാൻ വായിച്ചത്. അങ്ങ് ആദ്യം ഇതൊന്ന് പഠിച്ച് മനസ്സിലാക്കൂ, എന്നിട്ട് അങ്ങ് സംസാരിക്കൂ.

തുറമുഖത്തിന്റെ ഭാഗമായി പുലിമുട്ടുകൾ നിർമ്മിച്ചതിലെ അപാകത കൊണ്ടാണ് ഇതെന്ന് എല്ലാവരും സമ്മതിച്ചു, ഗവൺമെന്റ് സമ്മതിച്ചു. ഒരു സീസണിൽ ഇവിടെനിന്നും തെക്കോട്ട് പോകുന്ന മണലൊഴുക്ക് തുറമുഖ നിർമ്മിതി കാരണം വടക്കോട്ട് എത്തുന്നില്ല. അതുമൂലം വടക്ക് ഭാഗത്ത് തീരശോഷണമുണ്ടാക്കുകയും തെക്കുഭാഗത്ത് തീരനിർമ്മിതിയുണ്ടാക്കുകയും ചെയ്യുന്നു. അതായത്, തുറമുഖ നിർമ്മാണംമൂലം ഇവിടത്തെ നാച്വറലായ സാന്റ് ബൈപ്പാസിംഗ് തടസ്സപ്പെട്ടിരിക്കുന്നു എന്നതാണ് ഏറ്റവും ലളിതമായ കാര്യം. പ്രകൃതിയുമായി ഇഴുകിച്ചേരാത്ത മനുഷ്യനിർമ്മിതികൾ നമ്മുടെ ഭൂപ്രകൃതിയുടെയും ജീവജാലങ്ങളുടെയും നശീകരണത്തിന് കാരണമാകുന്നുവെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണിത്.

അഞ്ചുതെങ്ങ് ഗ്രാമം പോയി കണ്ടാൽ അങ്ങേയ്ക്ക് സഹിക്കാൻ സാധിക്കില്ല. അവിടെ കടൽ കയറിക്കൊണ്ടിരിക്കുകയാണ്. കടൽ കായലിനടുത്തേയ്ക്ക് വരികയാണ്. കായലിനും കടലിനുമിടയിൽ വളരെ ചെറിയ സ്ഥലം മാത്രമായി മാറിയിരിക്കുന്നു. ഇവിടെ വളരെ കുറച്ചുമാത്രം ഉണ്ടായിരുന്ന തീരപ്രദേശം... ഇപ്പോൾ കുറേ നാളുകളായിട്ട് 600 മീറ്ററാണ് കടൽ കരയിലേയ്ക്ക് കയറിയിരിക്കുന്നത്. അവസാനം ഈ അഞ്ചുതെങ്ങ് ഗ്രാമവും കായലും മുഴുവനായും കടലിനടിയിലേയ്ക്ക് അപ്രത്യക്ഷമാകുന്നൊരു കാലം വരും. നമുക്കതിനെ തടയണ്ടേ? ഓരോ പ്രകൃതിക്ഷോഭങ്ങളും കാലവർഷവും വന്നുപോകുന്ന മുറയ്ക്ക് അതിതീവ്രമായ തീരശോഷണം ഉണ്ടാകുകയാണ്. International Journal an Earthline and Engineering എന്നത് ഏറ്റവും പ്രശസ്തമായൊരു അന്താരാഷ്ട്ര ജേർണലാണ്. അതിൽ മുതലപ്പൊഴിയിൽ അശാസ്ത്രീയ നിർമ്മാണം കാരണമുണ്ടാകുന്ന തീരശോഷണത്തെ സംബന്ധിച്ചുള്ള ആധികാരിക പഠന റിപ്പോർട്ട് വന്നിട്ടുണ്ട്. അതുപോലെയുള്ള നിരവധി പഠന റിപ്പോർട്ടുകൾ എന്റെ കയ്യിലുണ്ട്. ഇനി എന്ത് പഠിക്കാനാണ് നിങ്ങൾ പോകുന്നത്? നിരവധി പഠന റിപ്പോർട്ടുകൾ ഞാൻ അങ്ങേയ്ക്ക് തരാം. ഞാൻ അവയെല്ലാം വായിച്ചു.

എല്ലാവരും എത്തുന്നത് ഒരു കൺക്ലൂഷനിലാണ്. അശാസ്ത്രീയമായ തുറമുഖ നിർമ്മിതികൊണ്ടും മണലൊഴുക്കിനെ തടസ്സപ്പെടുത്തുന്നതുകൊണ്ടുമാണ് ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകുന്നത്.

ഇവിടെ അദാനി പോർട്ടിന്റെ കാര്യം പറഞ്ഞു. ഞാൻ വിഴിഞ്ഞം, പൊഴിയൂർ, കാസർഗോഡ്, വൈപ്പിൻ, ചെല്ലാനം എന്നീ നിരവധിയായ തീരപ്രദേശങ്ങളിൽ സന്ദർശനം നടത്തിയിരുന്നു. ഒരുപാട് സ്ഥലത്ത് പ്രശ്നങ്ങളുണ്ട്. അത് ശരിയാണ്. പക്ഷേ വിഴിഞ്ഞത്തെ പ്രശ്നമെന്തായിരുന്നു? അദാനി പോർട്ടായിരുന്നു അവിടെ മണ്ണ് ഡ്രെഡ്ജ് ചെയ്യേണ്ടത്. ആരാണ് ഡ്രെഡ്ജിംഗ് ചെയ്യേണ്ടത് എന്നതുസംബന്ധിച്ച് കഴിഞ്ഞ ഒന്നര വർഷക്കാലമായി അദാനി പോർട്ടും ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റും തമ്മിൽ ചർച്ചയാണ്. തങ്ങളല്ല ചെയ്യേണ്ടതെന്ന് അവർ പരസ്പരം തർക്കിക്കുകയായിരുന്നു. അങ്ങനെ ഒന്നര വർഷമായി. ഈ ഒന്നര വർഷത്തിനിടയിലാണ് ഇവിടെ ആളുകൾ മരിച്ചത്. അവിടെ അഴിമുഖത്ത് മണ്ണുവന്ന് അടിയുകയാണ്. മണ്ണ് ഡ്രെഡ്ജ് ചെയ്ത് മാറ്റിയില്ലെങ്കിൽ അവിടെ ചുഴികൾ രൂപപ്പെടും. ഈ നിയമസഭയിൽ ഞങ്ങൾ പ്രതിപക്ഷത്ത് വന്നതിനുശേഷം അദ്യമായി അവതരിപ്പിച്ചത് തീരപ്രദേശത്തെ പ്രശ്നമാണ്.

അന്ന് വിഴിഞ്ഞത്തെ വിഷയം ഞങ്ങൾ നിയമസഭയിൽ ഉന്നയിച്ചു. ഒരാഴ്ചയ്ക്കകം നടപടി ഉണ്ടായല്ലോ. അദാനി പോർട്ട് ഇപ്പോഴവിടെ ഡ്രെഡ്ജിംഗ് തുടങ്ങിയില്ലേ; മന്ത്രി എന്നുള്ള നിലയിൽ ഞാൻ അങ്ങയെ കുറ്റപ്പെടുത്തുകയല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ തുടർച്ചയല്ലേ ഈ ഗവൺമെന്റ്; നിയമപരമായി ഡ്രെഡ്ജിംഗ് നടത്താൻ ബാധ്യതയുള്ള അദാനി പോർട്ട് അത് നടത്താത്തതുകൊണ്ടാണ് അവിടെ അപകടങ്ങളുണ്ടായത്. അവിടത്തെ പാവപ്പെട്ടവരുടെ പ്രശ്നം നിയമസഭയിൽ കൊണ്ടുവന്ന് അവതരിപ്പിച്ചതിന് ഞങ്ങൾക്ക് വളരെയധികം അഭിമാനവും ചാരിതാർത്ഥ്യവുമുണ്ട്. ഒന്നര വർഷമായി ഡ്രെഡ്ജിംഗ് നടത്താൻ വിസമ്മതം പ്രകടിപ്പിച്ചിരുന്ന അദാനി പോർട്ട് ഒരാഴ്ചക്കുള്ളിൽ അവിടെ ഡ്രെഡ്ജിംഗ് ആരംഭിച്ചു.

ഇപ്പോൾ ഇവിടെയെന്താണ് സംഭവിച്ചത്; ഇവിടെ മുതലപ്പൊഴിയിൽ വിഴിഞ്ഞത്തേയ്ക്ക് പാറ ശേഖരിച്ച് കൊണ്ടുപോകാൻ അദാനി പോർട്ടിന് നൽകിയ സൗകര്യങ്ങൾ... അവർക്കവിടെ തീരപ്രദേശം വിട്ടുകൊടുത്തു. ബാർജുകളുടെ പ്രവേശനത്തിനായി തെക്കുഭാഗത്തുള്ള പുലിമുട്ട് കമ്പനി പൊളിച്ചുനീക്കി. പാരിസ്ഥിതികാഘാത പഠനം നടത്തിയതിനുശേഷമാണോ തുറമുഖ നിർമ്മിതിയുടെ ഭാഗമായി നിർമ്മിച്ചിരുന്ന പുലിമുട്ട് ഒരു കമ്പനിയുടെ

സൗകര്യത്തിന് പൊളിച്ചുമാറ്റിയത്; അല്ല. ഒരു ശാസ്ത്രീയപഠനവും കൂടാതെ അദാനി പോർട്ടുകാർ ചോദിച്ചു. ഞങ്ങൾക്ക് ബാർജ് കൊണ്ടുപോകണം, കല്ല് കൊണ്ടുപോകണം എന്ന്. അവർക്ക് എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തു. അവർ കൊണ്ടുപോയി. അതിനുശേഷം ആ പൊഴിയിൽ അപകടങ്ങൾ വർദ്ധിച്ചു. അവിടെ വീണ്ടും മണ്ണ് കൂടാൻ തുടങ്ങി. ഇതുവരെ അവരത് ഡ്രെഡ്ജ് ചെയ്ത് മാറ്റിയോ? അവർ മാറ്റിയില്ല. ഈ പ്രശ്നം ഇപ്പോഴും നിലനിൽക്കുന്നുവെന്ന് അങ്ങ് പറയുന്നു. ശ്രീ. അടൂർ പ്രകാശ് എം.പി. പാർലമെന്റിൽ ഇതുമായി ബന്ധപ്പെട്ട് ചോദ്യമുന്നയിച്ചു. നമ്മുടെ സംസ്ഥാനത്തുനിന്നും പാർലമെന്റിലേയ്ക്ക് സമർപ്പിച്ച മറുപടി- "Adhani port approached Government to get permission to use this harbour for transporting the stone for Vizhinjam Port Project based on the discussion with them an MOU has been executed with Adhani ports for transporting the rocks required for Vizhinjam. After removing the rocks and silts accumulated in the mouth and channel portion. Accordingly they have deepened the channel removing all obstructions as results the maneuverability inside the channel has

improved to a great extend." എന്നാണ്. ഇത് ശരിയാണോ, അദാനി എല്ലാ കാര്യങ്ങളും ഈ മുതലപ്പൊഴിയിൽ ചെയ്തുവെന്ന് പറഞ്ഞുകൊണ്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച റിപ്പോർട്ടാണിത്. കേന്ദ്രമന്ത്രി ഇതുപാർലമെന്റിൽ ആറ്റിങ്ങൽ എം.പി.ക്ക് കൊടുത്ത മറുപടിയിൽ അറ്റാച്ച് ചെയ്തു കൊടുത്തിരിക്കുകയാണ്. അതായത് അദാനി സർക്കാർ ആവശ്യപ്പെട്ട എല്ലാ കാര്യങ്ങളും അവിടെ ഭംഗിയായി ചെയ്തു, അതുകൊണ്ട് അവിടെയൊരു കുഴപ്പവുമില്ലായെന്ന്. അങ്ങേയ്ക്ക് ഈ സഭയിൽ നിന്നുകൊണ്ട് പറയാൻ കഴിയുമോ...... നമ്മുടെ എഗ്രിമെന്റ് പ്രകാരം അദാനി അവിടെ നിന്നുള്ള മുഴുവൻ മണ്ണും നീക്കം ചെയ്തു. ആ പൊഴി ഇപ്പോൾ ചുഴികളുണ്ടാകാത്ത പൊഴിയാണ്. എങ്ങനെയാണ് ചുഴികൾ ഉണ്ടാകുന്നത്? 6 മീറ്ററെങ്കിലും ആഴം വേണ്ട സ്ഥലത്ത് രണ്ട് മീറ്ററായി കുറയുമ്പോഴാണ് മരണച്ചുഴികൾ ഉണ്ടാകുന്നത്. ആ ചുഴിയിലാണ്, പൊഴിയിലേയ്ക്ക് കയറുന്ന ബോട്ടുകൾ ആകാശത്തേയ്ക്ക് എടുത്തുയർത്തുന്നതുപോലെ അടിക്കുന്നത്. ശവശരീരങ്ങൾ പോലും കിട്ടില്ല, പല ശവശരീരങ്ങളും പുലിമുട്ടിന്റെ അടിയിലേയ്ക്ക് പോകും, മരിച്ച നിരവധി ആളുകളുടെ ശവശരീരങ്ങൾ ഇതുവരെയും കിട്ടിയിട്ടില്ല, പുലിമുട്ടിന്റെ അടിയിൽ കിടക്കുകയാണ്. എന്നിട്ടും അദാനി പോർട്ട് ഈ

മണ്ണ് അവിടെനിന്നും നീക്കം ചെയ്യാത്തതിന് എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചോ; അങ്ങ് പറഞ്ഞാൽ മതി. എന്നിട്ട് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിരിക്കുകയാണ്, അദാനിയുടെ ഇഷ്ടക്കാരാണല്ലോ അവിടെ ഇരിക്കുന്നത്. അദാനി എല്ലാ കാര്യങ്ങളും കൃത്യമായി ചെയ്തിട്ടില്ല. അവർ വിഴിഞ്ഞത്തും മുതലപ്പൊഴിയിലും ചെയ്തിട്ടുണ്ടായിരുന്നില്ല. അവരുടെ സൗകര്യത്തിന് ബാർജ് കയറ്റി കൊണ്ടുപോകുകയാണ്. പാവപ്പെട്ട മനുഷ്യരെ മുഴുവൻ വിധിക്കുവേണ്ടി വിട്ടുകൊടുത്തുകൊണ്ട്. നമ്മൾ അവിടെ പോകുമ്പോൾ ആ ചെറിയ തീരത്ത് കുഞ്ഞുങ്ങൾ കളിച്ച് നടക്കുകയാണ്. നമ്മൾ സങ്കടത്തോടുകൂടി ഓർക്കണം ചിലപ്പോൾ അടുത്ത കാലവർഷം കഴിയുമ്പോൾ ആ കുഞ്ഞുങ്ങൾ ഇരിക്കുന്ന വീടുകൾപോലും ഉണ്ടാകില്ല. എല്ലാ പ്രാവശ്യവും കടൽ കയറിക്കൊണ്ടിരിക്കുകയാണ്. ഒരു കുര കുത്തിക്കൂട്ടാൻപോലും പറ്റാത്ത തരത്തിൽ അവരുടെ സ്വത്തും ജീവനും എല്ലാം നഷ്ടപ്പെടുന്ന ഒരു സാഹചര്യമാണ്. നമ്മൾ ഇതിനെക്കുറിച്ച് ആലോചിക്കേണ്ടതല്ലേ? ഈ തീരദേശ ജനതയെ മുഴുവൻ വിധിക്ക് വിട്ടുകൊടുക്കാൻ നമുക്ക് കഴിയുമോ? ഗൗരവതരമായ ആലോചനകൾ നമ്മൾ നടത്തേണ്ടതല്ലേ? കേരളത്തിലെ 580 കിലോമീറ്റർ തീരദേശം

അപകടത്തിലാണ്, പക്ഷെ അതിൽ ഏറ്റവും അപകടമുള്ള സ്ഥലം മുതലപ്പൊഴിയാണ്. മത്സ്യത്തൊഴിലാളികൾ മരിച്ചുകൊണ്ടിരിക്കുകയാണ്. അവിടെപ്പോയി അന്വേഷിച്ചാൽ, ഓരോ വീട്ടുകളിൽ നിന്നുള്ള സങ്കടങ്ങൾ കണ്ടാൽ നമുക്ക് സഹിക്കാൻ പറ്റില്ല. അപകടത്തിൽപ്പെട്ട് ഒരു കുടുംബനാഥൻ മരിച്ചു, എന്നിട്ട് അയാളുടെ ഏകമകനും പിറ്റേദിവസം കടലിൽ പോകുകയാണ്, കാരണം ജീവിക്കാൻ വേറെ നിവൃത്തിയില്ല. അതാണ് ശ്രീ. എം. വിൻസെന്റ് ഇവിടെ പറഞ്ഞത്, ഇതല്ലാതെ വേറൊരു പണിയും അറിയില്ല. മരിക്കാനുള്ള സാധ്യതകൾ ഉണ്ടെന്ന് അറിഞ്ഞിട്ടും വീണ്ടും ആ ജീവൻ അപകടത്തിലാക്കിക്കൊണ്ട്, പണയപ്പെടുത്തിക്കൊണ്ട് ഈ ജോലിക്ക് പോകുന്ന പാവങ്ങളാണ്. എനിക്ക് സർക്കാരിനോട് പറയാനുള്ളത്, സർക്കാർ അടിയന്തരമായി മുതലപ്പൊഴി ബ്രേക്ക് വാട്ടർ സംവിധാനത്തിലൂടെ മത്സ്യത്തൊഴിലാളികൾക്ക് 24 മണിക്കൂറും മത്സ്യബന്ധനത്തിന് പോകാൻ കഴിയുന്ന ഒരു സേഫ് കോറിഡോർ ഉണ്ടാക്കണം. അവർക്ക് കടലിൽ പോയി തിരികെ വരേണ്ടതല്ലേ? മത്സ്യബന്ധനത്തിന് അവരുടെ ഉപജീവനത്തിന് അവർക്ക് പോയി വരാനുള്ള ഒരു സേഫ് കോറിഡോർ ആദ്യം ഉണ്ടാക്കണം. അതായത് ഇനി

ഒരു അപകടംപോലും ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്താൻ ഗവൺമെന്റിന് കഴിയുമോ? അവിടത്തെ പ്രശ്നമാണ്, നമ്മളുണ്ടാക്കിയ, എത് ഗവൺമെന്റാണ് എപ്പോഴാണ് അതൊന്നുമല്ലല്ലോ നമ്മുടെ മുമ്പിലുള്ള വിഷയം. അവിടെ അപകടകരമായ മനുഷ്യന്റെ ഒരു നിർമ്മിതി, മനുഷ്യ ജീവൻ കളയുന്നൊരു നിർമ്മിതിയുണ്ടായിരിക്കുന്നു. ആ നിർമ്മിതിയിൽ നമ്മൾക്ക് ഒരു സേഫ് കോറിഡോർ ഉണ്ടാക്കണം. ഈ പുലിമുട്ടുകൾക്കിടയിലെ മണ്ണ് മാറ്റുന്നതിനുള്ള ഒരു സ്ഥിരം സംവിധാനം അവിടെ ഉണ്ടാകണം. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കുള്ള ധനസഹായം കാസർഗോഡ് ജില്ലയിൽ വിതരണംചെയ്തു, ശരിയാണ്. അവർക്കസഹായങ്ങൾ കൊടുക്കണം, അതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം. നമ്മൾ ഇപ്പോഴും ഇത്തരം കാര്യങ്ങൾ ചെയ്യുമ്പോൾ ഇൻഡീജനസ് നോളജ് അത്യാവശ്യമാണ്. യഥാർത്ഥത്തിൽ പ്രാചീനമായ അറിവും ശാസ്ത്രീയമായ അറിവും കൂടി മിക്സ് ചെയ്യണം. മത്സ്യത്തൊഴിലാളികൾക്ക് കടലിനെക്കുറിച്ച് പ്രാചീനമായ മണ്ണിന്റെ ഘടനയെക്കുറിച്ചും തീരത്തെക്കുറിച്ചും അറിവുണ്ട്. ആ അറിവും ശാസ്ത്രീയമായ പുതിയ അറിവുകളും കൂടി മിക്സ് ചെയ്തുകൊണ്ടാണ് നമുക്ക് ഇതിനൊരു സൊല്യൂഷൻ ഉണ്ടാക്കേണ്ടത്. അത്യാവശ്യമായി ഒരു

മറൈൻ ആംബുലൻസ് സംവിധാനം വേണം. ഇപ്പോഴുള്ള മറൈൻ ആംബുലൻസ് സംവിധാനം എങ്ങനെയാണെന്നറിയാമോ, അവർ പേടിച്ചിട്ട് പോകുകയില്ല. അവർ അവിടെനിന്നും മാറിക്കളയും, മറൈൻ ആംബുലൻസ് പോയി അവിടെ ഒരാളെപ്പോലും രക്ഷപ്പെടുത്തിയിട്ടില്ല. അത്യാവശ്യമായി ഡിപ്പാർട്ടുമെന്റ് ചെയ്യേണ്ട ഒരുകാര്യം മനുഷ്യജീവൻ രക്ഷിക്കലല്ലേ? സൈന്യമല്ലേ മത്സ്യത്തൊഴിലാളികൾ. നമ്മൾ അങ്ങനെയല്ലേ പറയുന്നത്, അവരുടെ ജീവൻ രക്ഷിക്കാൻ അടിയന്തരമായി ഒരു മറൈൻ ആംബുലൻസ് അവിടെ ഏർപ്പെടുത്താൻ സംവിധാനം വേണം. മുതലപ്പൊഴി ലാന്റിംഗ് സെന്ററിന്റെ നീളം കൂട്ടുക, കടൽഭിത്തി നിർമ്മാണമാരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുക. ഹ്രസ്വകാലത്തേയ്ക്കും ദീർഘ കാലത്തേയ്ക്കുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. മന്ത്രി ചില കാര്യങ്ങൾ ചെയ്തു, അതൊന്നും ഞാൻ നിഷേധിക്കുന്നില്ല. അങ്ങ് ഒന്നും ചെയ്തില്ലായെന്നൊന്നും ഞാൻ പറഞ്ഞില്ല. പക്ഷെ അതുപോര, നമുക്ക് ചർച്ചയും മീറ്റിംഗുമായി പോയാൽ മാത്രം പോര, കഴിഞ്ഞ 6 വർഷമായി നിരന്തരമായ ചർച്ചകളാണ്. കഴിഞ്ഞ ഫിഷറീസ് മന്ത്രി എത്രയോ യോഗങ്ങൾ നടത്തി, യോഗവും ചർച്ചയും കൊണ്ട് അവിടെ

ഫലമുണ്ടാകുന്നില്ല. മനുഷ്യൻ പിന്നേയും മരിക്കുകയാണ്. അതുകൊണ്ട് അടിയന്തരമായ നടപടികൾ സ്വീകരിക്കണം, ഞങ്ങൾ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുള്ള എല്ലാ പിന്തുണയും ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി സർക്കാരിനുണ്ടാകും. ബഹുമാനപ്പെട്ട മന്ത്രിയും മുഖ്യമന്ത്രിയും സർക്കാരുമെല്ലാം മുൻകയ്യെടുത്ത് സമയബന്ധിതമായി ഈ വിഷയങ്ങൾ തീർക്കാൻ ശ്രമിക്കുമെന്നുള്ള വിശ്വാസം ഞങ്ങൾക്കുണ്ട്. ആ വിശ്വാസം ഞാൻ നിലനിർത്തുന്നു, ഇല്ലെങ്കിൽ ഈ വിഷയം വീണ്ടും സഭയിൽ ചർച്ച ചെയ്യേണ്ടി വരുമെന്ന് മാത്രം പറഞ്ഞു കൊണ്ട് നിർത്തുന്നു.